**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2893** **18-03-2022 - ൽ മറുപടിയ്ക്ക്**

**ദുരന്ത സാധ്യതാ പ്രദേശങ്ങളിലെ വനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളും വന്യജീവി വഴിത്താരകളും സ്വാഭാവിക വനം ആക്കി മാറ്റുവാൻ ഏറ്റെടുക്കുന്നതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി സർക്കാർ ഉത്തരവ് (കൈ)നം 29/2021/ വനം തീയതി 17-12-2021 പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. കേരളത്തിൽ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയരേഖയാണ് അംഗീകരിച്ചിട്ടുള്ളത്. ആരോഗ്യകരമായ സ്വാഭാവിക പരിസ്ഥിതി പുനഃസ്ഥാപിക്കുന്നതു വഴി സുസ്ഥിര സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ലക്ഷ്യം വയ്ക്കുന്നത്. വനത്തിന്റെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും, വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി വനത്താൽ ചുറ്റപ്പെട്ടതോ വനത്തോട് ചേർന്നു കിടക്കുന്നതോ ആയ പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങൾ/ എസ്റ്റേറ്റുകൾ എന്നിവ ഉടമസ്ഥരുടെ സമ്മതത്തോടുകൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുനഃസ്ഥാപനം നടത്തുന്നതിനുള്ള നടപടികളും നയം മുന്നോട്ടു വയ്ക്കുന്നു. വനതുരുത്തുകളെ ബന്ധിപ്പിക്കുന്നതിനും, വന്യജീവികളുടെ സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുന്നതിനും തദ്വാര മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ഇത് സഹായകരമാകും. |
| (ബി) | ഏതൊക്കെ മേഖലകളാണ് ഇപ്രകാരം സ്വാഭാവിക വനവൽക്കരണത്തിനായി ഏറ്റെടുക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങൾ, അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ, നിലവിലുള്ള തേക്ക് തോട്ടങ്ങളിൽ പരാജയപ്പെട്ടവ, വളർച്ച മുരടിച്ചവ, വന്യജീവി വഴിത്താരകളിലുള്ളവ, പ്രകൃതിദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലുള്ളവ, നദീതീരങ്ങളിലുള്ളവ എന്നിവ |

| | | | |
|---|---|---|---|
| | | | വർക്കിംഗ് പ്ലാൻ ശിപാർശകൾക്ക് വിധേയമായി,മണ്ണ്-ജലസംരക്ഷണം ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റാനാണ് ടി നയം വിഭാവനം ചെയ്യുന്നത്. |
| (സി) | ഇത്തരം മേഖലകളിൽ കാലാകാലങ്ങളായി താമസിക്കുന്ന ജനങ്ങളെ ഒഴിപ്പിച്ചു കൊണ്ടാകുമോ ഈ ഏറ്റെടുക്കൽ; വ്യക്തമാക്കാമോ ? | (സി) | ഇത്തരം മേഖലകളിൽ ആവശ്യമുള്ളിടങ്ങളിൽ, വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനും, പ്രകൃതിദുരന്ത സാധ്യത കുറയ്ക്കുന്നതിന്റെ ഭാഗമായും, ആ ഇടങ്ങളിൽ താമസിക്കുന്നവർക്ക് താല്പര്യമുള്ള പക്ഷം അർഹമായ നഷ്ടപരിഹാരം നൽകി മറ്റിടങ്ങളിലേക്ക് അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിന് നിയമാനുസരണം നടപടി സ്വീകരിക്കുവാനും നയം വിഭാവനം ചെയ്യുന്നു. സ്വയം സന്നദ്ധ പുനരധിവാസ പദ്ധതികൾ മാത്രമേ സർക്കാരിന്റെ പരിഗണനയിൽ ഉള്ളൂ. സർക്കാർ, റീബിൽഡ് കേരള ഡവലപ്മെന്റ് പദ്ധതി (14/11/2019 ലെ ജി.ഒ. (ആർ.റ്റി.) 483/2018/ പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase-II (23/01/2020ലെ ജി.ഒ. (എം.എസ്.) 2/2020/ വനംവന്യജീവി, 02/08/2021 ലെ ജി.ഒ. (എം.എസ്) 12/2021/വനംവന്യജീവി നമ്പർ ഉത്തരവുകൾ പ്രകാരം) എന്നീ പദ്ധതികൾ പ്രകാരം ആയത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ